**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4306** **06-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് നികുതിദായകരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി.- യുമായി ബന്ധപ്പെട്ട് നികുതിദായകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് നികുതിദായകരുടെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജി.എസ്.ടി. കോമൺ പോർട്ടലിൽ ഗ്രീവൻസ് റിഡ്രസ്സൽ സംവിധാനം ഉണ്ട്. നികുതിദായകർക്ക് ഇതിലൂടെ സാങ്കേതിക പ്രശ്നങ്ങൾ നേരിട്ട് ജി.എസ്.ടി.എൻ.-നെ അറിയിക്കാൻ സാധിക്കും. ഇത് കൂടാതെ ജി.എസ്.ടി. സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സംസ്ഥാന ജി.എസ്.ടി. ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ആക്റ്റിലെ വ്യവസ്ഥ പ്രകാരം പരാതികൾ പരിഹരിക്കുന്നതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | നികുതിദായകരുടെ പരാതികൾ പരിഹരിക്കുന്നതിനായി ജി.എസ്.ടി. നിയമത്തിൽ പ്രത്യേകം വ്യവസ്ഥകൾ ഒന്നും തന്നെയില്ല. സാധന സേവനങ്ങളുടെ നികുതി നിരക്കുമായും മറ്റുമുള്ള ക്ലാരിഫിക്കേഷൻ ലഭ്യമാക്കുന്നതിനായി ജി.എസ്.ടി. നിയമപ്രകാരം അഡ്വാൻസ് റൂളിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം പൂർണ്ണമായും ഉപഭോക്താവിന് കൈമാറുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ഇത്തരം പരാതികളിൽ നടപടികൾ സ്വീകരിക്കുന്നതിനും കേന്ദ്ര ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റിയെ കേന്ദ്ര സർക്കാരും സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിയെ സംസ്ഥാന സർക്കാരും രൂപീകരിച്ചിട്ടുണ്ട്. ഇപ്പോൾ ആന്റിപ്രോഫിറ്റിയറിങ് പരിശോധിക്കുന്നതിന് കോമ്പറ്റിഷൻ കമ്മീഷനെ കേന്ദ്ര ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | 2019 ഏപ്രിൽ മുതൽ 2023 ജനുവരി 31 വരെ നികുതിദായകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സമിതികൾ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് ജി.എസ്.ടി. നിയമ പ്രകാരമുള്ള അഡ്വാൻസ് റൂളിംഗ് അതോറിറ്റിയും ആന്റിപ്രോഫിറ്റിയറിങ്ങുമായി ബന്ധപ്പെട്ട സ്ക്രീനിംഗ് കമ്മിറ്റിയും അവയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളും പരാതികളും പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന ജി.എസ്.ടി. ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി 17.12.2020-ൽ കൂടുകയും ചർച്ചയിൽ ഉന്നയിക്കപ്പെട്ട ജി.എസ്.ടി. സംബന്ധിച്ച പ്രശ്നങ്ങൾ ജി.എസ്.ടി. കൗൺസിലിനെയും ജി.എസ്.ടി.എൻ.- നെയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സമിതിയുടെ ഘടന സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ഡി) | കേന്ദ്ര ചരക്കു സേവന നികുതി വകുപ്പിലെ ഒരു ജോയിന്റ് കമ്മീഷണറും സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ അഡീഷണൽ കമ്മീഷണറും ഉൾപ്പെടുന്നതാണ് നിലവിലെ അഡ്വാൻസ് റൂളിംഗ് അതോറിറ്റി. ആന്റി പ്രോഫിറ്റിയറിങ് സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിയിൽ കേന്ദ്ര സംസ്ഥാന ജി.എസ്.ടി. വകുപ്പുകളിലെ ജോയിന്റ് കമ്മീഷണറോ അതിനു മുകളിലോ ഉള്ള തസ്തികയിലുള്ള ഓരോ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നു. ജി.എസ്.ടി. ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റിയിൽ കേന്ദ്ര ജി.എസ്.ടി. വകുപ്പിലെ ചീഫ് കമ്മീഷണർ (സഹ അധ്യക്ഷൻ), സംസ്ഥാന ജി.എസ്.ടി. കമ്മീഷണർ (സഹ അധ്യക്ഷൻ), വിവിധ ട്രേഡ് ഓർഗനൈസേഷനുകളിലെ പ്രതിനിധികൾ (12 എണ്ണം), ടാക്സ് പ്രൊഫഷണലുകളുടെ സംഘടനകളുടെ പ്രതിനിധികൾ (4 എണ്ണം), ഐ.ടി. ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റിയുടെ സംസ്ഥാന നോഡൽ ഓഫീസർ, ജി.എസ്.ടി.എൻ.-ന്റെ സംസ്ഥാന പ്രതിനിധി, സഹ അധ്യക്ഷൻ തീരുമാനിക്കുന്ന മറ്റ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ